സീഡ് അതോറിറ്റിയുടെ പ്രവർത്തനങ്ങൾ

10 (*70)ശ്രീ. കെ. പ്രകാശ് ബാബു :

ശ്രീ. കെ.പി. രാജേന്ദ്രൻ :

ശ്രീമതി ഭാർഗ്ഗവിതങ്കപ്പൻ :

ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്) :

പ്രൊഫ. മീനാക്ഷി തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഗവൺമെന്റ് ആരംഭിച്ചിട്ടുള്ള സീഡ് അതോറിറ്റി യുടെ പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(ബി) മേൽത്തരം വിത്ത് സംഭരിക്കുന്നതിന് അതോറിറ്റി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്;

(സി) കൂടുതൽ ഉൽപ്പാദന ക്ഷമതയുള്ള വിത്തും നടീൽവസ്തു ക്കളും ലഭ്യമാക്കാൻ സർക്കാർ ഇപ്പോൾ നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തെല്ലാം ആണെന്ന് വിശദമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) ഗുണമേന്മയുള്ളതും അത്യുൽപ്പാദനശേഷിയുള്ളതുമായ വിത്തിനങ്ങൾ യഥേഷ്ടം കർഷകർക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ വിത്തിന്റെ ഉൽപ്പാദനം, സംഭരണം, വിതരണം എന്നിവ കാര്യക്ഷമമായി നടപ്പി ലാക്കാൻ ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് അനുസരിച്ച് രൂപീകരിക്കപ്പെട്ട താണ് വിത്ത് വികസന അതോറിറ്റി. വിത്ത് വികസന അതോറിറ്റിയിലെ ഗവേ ണിംഗ് ബോഡിയിൽ കാർഷിക ഉൽപ്പാദന കമ്മിഷണർ ആണ് ചെയർമാൻ.

(ബി) വിത്ത് വികസന അതോറിറ്റി രൂപീകൃതമായതിന്റെ ആദ്യഘ ട്ടമെന്ന നിലയിൽ നെൽവിത്ത് ഉൽപ്പാദിപ്പിക്കുന്നതിനായി പാലക്കാട്, തൃശ്ശൂർ, ആലപ്പുഴ, കോട്ടയം, മലപ്പുറം എന്നീ ജില്ലകളിൽ തെരഞ്ഞെടുത്ത പാടശേഖര ങ്ങൾ വഴി മേൽത്തരം വിത്തുകൾ ഉൽപ്പാദിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്. നൂറ് സീഡ് വില്ലേജുകൾ ആരംഭിക്കുകയും ആ ഗ്രാമങ്ങളിലെ അംഗ കർഷക രിലൂടെ നല്ലയിനം വിത്തുകൾ വർദ്ധിപ്പിച്ച് ആ വിത്ത് കർഷകരിൽ നിന്നും വിലയ്ക്കെടുത്ത് ന്യായവിലയ്ക്ക് വിതരണം ചെയ്യും.

(സി) കൂടുതൽ ഉൽപ്പാദനക്ഷമതയുള്ള വിത്തും നടീൽവസ്തുക്കളും ലഭ്യമാക്കുന്നതിനുവേണ്ടിയാണ് സംസ്ഥാന വിത്ത് വികസന അതോറിറ്റി രൂപീകരിച്ചിരിക്കുന്നത്. ഇതിലേക്കായി ഈ വർഷം ആറു ലക്ഷം രൂപ അനുവ ദിച്ചിട്ടുണ്ട്.

പ്രക്ഷീണ വനങ്ങളിൽ മരം വച്ചുപിടിപ്പിക്കുന്നതിന് നടപടി

11 (*71)ശ്രീമതി ഗിരിജാ സുരേന്ദ്രൻ :

ശ്രീ. കെ.പി.സതീഷ് ചന്ദ്രൻ:

ശ്രീ. എൻ.കണ്ണൻ :

ശ്രീ. പിരപ്പൻകോട് മുരളി :

ശ്രീ. എം.എ.തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാ ഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജൈവ വൈവിദ്ധ്യം നിലനിർത്തുന്നതിനും പരിസ്ഥിതി സംര ക്ഷണത്തിനും പ്രക്ഷീണ വനങ്ങളിൽ മരംവച്ചുപിടിപ്പിക്കുന്നതിനും സർക്കാർ എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly